# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുമ്പളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA-ALP-P4-382/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 12/04/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുമ്പളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P4-382/2021 തീയ്യതി: 12/04/2021

# ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-01-2020 മുതൽ 28-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു.സി.ജോർജ് | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 19-03-2021 | 30-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-03-2021 | 30-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ആർ.രാജീവ്,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
പുഷ്പരാജ്.വി.കെ,അസി.ഓഡിറ്റ് ഓഫീസർ
ജോസഫ് ജോർജ്, സീനി.ഗ്രേ.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി |
|---|---|---|---|

| | | (മുതൽ) | (വരെ) |
|---|---|---|---|
| കെ.എസ്.ഷിബു | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| കെ.ശോഭ | സെക്രട്ടറി | 01-04-2019 | 10-11-2019 |
| പ്രദീപ് കുമാർ.ആർ.എ | സെക്രട്ടറി | 11-11-2019 | 19-11-2019 |
| | | 10-03-2020 | 31-03-2020 |
| ജയ.പി | സെക്രട്ടറി | 20-11-2019 | 09-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനു.ആർ.നായർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.കെ.ബി.ഷാഹുൽ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.ശശികല | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | 01-04-2019 | 31-03-2020 |
| ഡോ.സ്മിത ഷേണായ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.ധന്യ.വി.പൈ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ലിനി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ജയന്തി | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| പൊന്നമ്മ.ജെ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ജാൻസി.എഫ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 19-07-2019 |
| അനീഷ്.എ | അസിസ്റ്റന്റ് എഞ്ചിനീയർ | 20-07-2019 | 31-03-2020 |
| സിന്ധ്യ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| വേക്കൻറ് | വി.ഇ.ഒ | 01-04-2019 | 16-06-2019 |
| മനോജ്.കെ.കെ | വി.ഇ.ഒ | 17-06-2019 | 18-09-2019 |
| സജിത | വി.ഇ.ഒ | 19-09-2019 | 04-12-2019 |
| ഷെൽബി ജോസ് | വി.ഇ.ഒ | 05-12-2019 | 31-03-2020 |

.

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Pushparaj V.K (Asst. Audit Officer, On 26-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 28-03-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Pushparaj V.K (Asst. Audit Officer, On 26-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 26-03-2021) | 1-2 |
| 3 | ഫെസ്റ്റിവൽ അഡ്വാൻസ്-രജിസറ്ററുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 28-03-2021) | 1-2-1 |
| 4 | അദർ അഡ്വാൻസ്- രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 28-03-2021) | 1-2-2 |
| 5 | ഗ്രാൻറ് ഫോർ ഷെൽട്ടർ ഹോംസ് -ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 28-03-2021) | 1-2-3 |
| 6 | ലൈഫ് മിഷൻ ഭവന വായ്പാ- ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 28-03-2021) | 1-2-4 |
| 7 | സോഴ്സ്സ് ഡിഡക്ഷൻ ചെയ്ത തുകകൾ- ചെലവിൽ ഉൾപ്പെടുത്തിയില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 28-03-2021) | 1-2-5 |
| 8 | ടോട്ടൽ സാനിറ്റേഷൻ- ബാങ്ക് അക്കൌണ്ടിൽ മതിയായ ബാലൻസില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 28-03-2021) | 1-2-6 |
| 9 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 27-03-2021) | 1-2-7 |
| 10 | പെർമിറ്റ് രജിസ്റ്ററിൽ- ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 28-03-2021) | 1-2-8 |
| 11 | വസ്തു നികുതി- സഞ്ചയ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 28-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 28-03-2021) | 1-2-9 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെൻറ് പ്രകാരം)<br>Written By: Rajeev R (Audit Officer (HG), On 19-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 31-03-2021) | 1-3 |
| 13 | ഗ്രാൻറ് വിനിയോഗം<br>Written By: Pushparaj V.K (Asst. Audit Officer, On 26-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 28-03-2021) | 1-4 |
| 14 | വികസന ഫണ്ട്-ജനറൽ<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 27-03-2021) | 1-4-1 |
| 15 | വികസന ഫണ്ട്-എസ്.സി.പി<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 28-03-2021) | 1-4-2 |

| | | |
|---|---|---|
| 16 | വികസന ഫണ്ട്-റ്റി.എസ്.പി<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 27-03-2021) | 1-4-3 |
| 17 | ധനകാര്യ കമ്മീഷൻ ഗ്രാൻറ്<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 31-03-2021) | 1-4-4 |
| 18 | മെയിൻറനൻസ് ഫണ്ട് -റോഡ്<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 28-03-2021) | 1-4-5 |
| 19 | മെയിൻറനൻസ് ഫണ്ട് -നോൺ റോഡ്<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 28-03-2021) | 1-4-6 |
| 20 | സംയോജിത ശിശു വികസന പദ്ധതി<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 28-03-2021) | 1-4-7 |
| 21 | സ്വച്ഛ് ഭാരത് മിഷൻ<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 28-03-2021) | 1-4-8 |
| 22 | സാനിറ്റേഷൻ മിഷൻ<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 28-03-2021) | 1-4-9 |
| 23 | ലൈഫ് മിഷൻ<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 28-03-2021) | 1-4-10 |
| 24 | പദ്ധതി അവലോകനം<br>Written By: Pushparaj V.K (Asst. Audit Officer, On 26-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 26-03-2021) | 1-5 |
| 25 | തൊഴിലുറപ്പ് പദ്ധതി<br>Written By: Pushparaj V.K (Asst. Audit Officer, On 26-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 29-03-2021) | 1-6 |
| 26 | സാമൂഹ്യ സുരക്ഷാ പെൻഷൻ<br>Written By: Joseph George (Senior Grade Auditor, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 28-03-2021) | 1-7 |
| 27 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Joseph George (Senior Grade Auditor, On 27-03-2021)<br>Last Updated By: Joseph George (Senior Grade Auditor, On 27-03-2021) | 1-8 |
| 28 | ആഭ്യന്തര നിയന്ത്രണം<br>Written By: Rajeev R (Audit Officer (HG), On 27-03-2021)<br>Last Updated By: Rajeev R (Deputy Director, On 12-04-2021) | 1-9 |
| 29 | മറ്റ് ഓഡിറ്റുകള് നടത്തിയതിന്റെ വിവരം<br>Written By: Rajeev R (Audit Officer (HG), On 26-03-2021)<br>Last Updated By: Rajeev R (Deputy Director, On 12-04-2021) | 1-10 |
| 30 | ഇ-ടെണ്ടർ- ഫീസ് പഞ്ചായത്തിന്റെ അക്കൌണ്ടിലേയ്ക്ക് ലഭ്യമാകുന്നില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 28-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 29-03-2021) | 1-11 |
| 31 | പഞ്ചായത്ത് ലൈസൻസ് -സമയപരിധി പാലിക്കുന്നില്ല<br>Written By: Joseph George (Senior Grade Auditor, On 28-03-2021)<br>Last Updated By: Rajeev R (Deputy Director, On 12-04-2021) | 1-12 |
| 32 | പഞ്ചായത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് കുറഞ്ഞ ഫീസ് ഈടാക്കി<br>Written By: Joseph George (Senior Grade Auditor, On 28-03-2021)<br>Last Updated By: Rajeev R (Audit Officer (HG), On 30-03-2021) | 1-13 |
| 33 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ<br>Written By: Joseph George (Senior Grade Auditor, On 28-03-2021)<br>Last Updated By: Rajeev R (Audit Officer (HG), On 30-03-2021) | 1-14 |
| 34 | കടമുറിയുടെ വാടക ഈടാക്കിയില്ല<br>Written By: Joseph George (Senior Grade Auditor, On 30-03-2021)<br>Last Updated By: Joseph George (Senior Grade Auditor, On 30-03-2021) | 1-15 |

| | | |
|---|---|---|
| 35 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്.<br>Written By: Rajeev R (Audit Officer (HG), On 29-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2021) | 1-16 |
| 36 | തെരുവു വിളക്ക് മെയിൻ്റനൻസ്- രേഖകൾ ലഭ്യമല്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 28-03-2021) | 1-17 |
| 37 | നിക്ഷേപ പ്രവർത്തികൾ- യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2021) | 1-18 |
| 38 | അംഗൻവാടി ജീവനക്കാർക്ക് അധിക വേതനം - മതിയായ തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കിയില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2021) | 1-19 |
| 39 | ആയുർവേദാശുപത്രിക്ക് റീ വയറിംഗ്- എഞ്ചിനീയർമാർക്കുള്ള വേതനം കരാറുകാരൻ്റെ അക്കൌണ്ടിലേയ്ക്ക് നല്കി.<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2021) | 1-20 |
| 40 | പ്രമേഹ രോഗികൾക്ക് ഷുഗർ പരിശോധനയ്ക്കായുള്ള ഗ്ലൂക്കോ മീറ്റർ സ്ട്രിപ്പ് വാങ്ങൽ-ബിൽ ഹാജരാക്കിയില്ല.<br>Written By: Rajeev R (Audit Officer (HG), On 30-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2021) | 1-21 |
| 41 | വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതികൾ -രേഖകൾ ഹാജരാക്കിയില്ല<br>Written By: Joseph George (Senior Grade Auditor, On 30-03-2021)<br>Last Updated By: Rajeev R (Deputy Director, On 12-04-2021) | 1-22 |
| 42 | സാന്ത്വന പരിചരണ പദ്ധതി-രേഖകൾ ഹാജരാക്കിയില്ല.<br>Written By: Rajeev R (Audit Officer (HG), On 30-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2021) | 1-23 |
| 43 | എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് സായാഹ്ന ഭക്ഷണം-പദ്ധതി നടത്തിപ്പിലെ പോരായ്മകൾ<br>Written By: Joseph George (Senior Grade Auditor, On 30-03-2021)<br>Last Updated By: Joseph George (Senior Grade Auditor, On 30-03-2021) | 1-24 |
| 44 | നിലവിലുള്ള ഗാർഹിക ശൗചാലയങ്ങൾക്ക് (I.H.H.L)സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് നൽകൽ-വികസനഫണ്ടിൽ നിന്നും അധികച്ചെലവ്<br>Written By: Joseph George (Senior Grade Auditor, On 30-03-2021)<br>Last Updated By: Joseph George (Senior Grade Auditor, On 30-03-2021) | 1-25 |
| 45 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ -പെൻഷൻ അനുവദിക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.<br>Written By: Joseph George (Senior Grade Auditor, On 30-03-2021)<br>Last Updated By: Joseph George (Senior Grade Auditor, On 30-03-2021) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Pushparaj V.K (Asst. Audit Officer, On 26-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 27-03-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Pushparaj V.K (Asst. Audit Officer, On 26-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2021) | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Pushparaj V.K (Asst. Audit Officer, On 26-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 27-03-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Pushparaj V.K (Asst. Audit Officer, On 26-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 27-03-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 27-03-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 27-03-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 27-03-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 27-03-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 12-04-2021) | 4-9 |
| 10 | തീർപ്പാകാതവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Pushparaj V.K (Asst. Audit Officer, On 27-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 27-03-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

14.02.2019തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബഡ്ജറ്റ് പ്രകാരം | 127954802 | 126873987 |
| വാർഷിക കണക്ക് പ്രകാരം | 54115533 | 51366537 |

തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗുണഭോക്താകൾക്ക് നേരിട്ട് നല്കിയ 15589317/- രൂപയും വിവിധ ക്ഷേമപെൻഷനുകൾ വിതരണം ചെയ്ത ഇനത്തിലുള്ള 8208900/- രൂപയും രസീപ്റ്റ് & പേയ്മെന്റ് പത്രികയിലുള്ള വരവ് ചെലവുകളോടൊപ്പം ഉൾപ്പെടുത്തി പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിലെ വരവ്-ചെലവുകൾ തൻവർഷത്തെ യഥാർത്ഥ വരവ് ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല എന്ന് ബോധ്യമായി. ബജറ്റ് യഥാർത്ഥ വരവു ചെലവുകളുമായി അടുത്തു നില്കുന്നതരത്തിൽ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 30.05.2020 | ഇല്ല | ഇല്ല |

### 1-2-1 ഫെസ്റ്റിവൽ അഡ്വാൻസ്-രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് (460100101)ഇനത്തിൽ 120000/- രൂപ തൻവർഷം നല്കിയതായി കാണുന്നു. എന്നാൽ റെസീപ്റ്റ് & പേയ്മെൻ്റ് സ്റ്റേറ്റ്മെൻ്റ് ഷെഡ്യൂൾ RP-47(ചെലവ് ഭാഗം) പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 115000/- രൂപ മാത്രമാണ് തൻവർഷത്തെ ആസ്തിയായി രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-2-2 അദർ അഡ്വാൻസ്- രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

അദർ അഡ്വാൻസ്(460100199) ഇനത്തിൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം 89090/- രൂപ തൻവർഷം നല്കിയതായി കാണുന്നു. എന്നാൽ റെസീപ്റ്റ് & പേയ്മെൻ്റ് സ്റ്റേറ്റ് മെൻ്റ് ഷെഡ്യൂൾ RP-47(ചെലവ് ഭാഗം) പ്രകാരം അദർ അഡ്വാൻസ് ഇനത്തിൽ 53240/- രൂപ മാത്രമാണ് തൻവർഷത്തെ ആസ്തിയായി രേഖപ്പെടുത്തിയിട്ടുള്ളത്. തൻവർഷം തിരിച്ച കിട്ടാനവശേഷിക്കുന്ന തുക മാത്രമാണ് ഇവിടെ രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-2-3 ഗ്രാൻ്റ് ഫോർ ഷെൽട്ടർ ഹോംസ് -ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

ഇൻകം & എക്സ്പൻ്റിച്ചർ സ്റ്റേറ്റ്മെൻ്റ് ഷെഡ്യൂൾ I-6 പ്രകാരം Grant For Shelter Homes/Rescue Shelters എന്ന ഹെഡിൽ 9000000/- രൂപ ചെലവിനായി പിൻവലിച്ചിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം 4700000/- രൂപ മാത്രമാണ് ചെലവിൽ ഉൾപ്പട്ടു വന്നിരിക്കുന്നത്.

### 1-2-4 ലൈഫ് മിഷൻ ഭവന വായ്പാ- ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

റെസീപ്റ്റ് & പേയ്മെൻ്റ് സ്റ്റേറ്റ് മെൻ്റ് ഷെഡ്യൂൾ RP-45 പ്രകാരം 6111285/- രൂപ ലൈഫ് മിഷൻ ഭവന വായ്പായിനത്തിൽ തൻവർഷം ചെലവഴിച്ചതായി കാണുന്നു. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം 4711285/- രൂപ മാത്രമാണ് ഈയിനത്തിൽ ചെലവുള്ളത്.

### 1-2-5 സോഴ്സ് ഡിഡക്ഷൻ ചെയ്ത തുകകൾ- ചെലവിൽ ഉൾപ്പെടുത്തിയില്ല.

തൻവർഷം വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്.സി.പി) എന്നീ ഫണ്ടുകളുടെ അലോക്കേഷനിൽ നിന്നും വിവിധ ഇനങ്ങളിൽ സോഴ്സ് ഡിഡക്ഷൻ ചെയ്ത തുകകൾക്ക് ജി.ഒ. പ്രോജക്ട് രൂപീകരിക്കാതിരുന്നതു മൂലം ഈയിനത്തിലുള്ള യഥാർത്ഥ വരവു ചെലവുകളല്ല വാർഷിക കണക്കിൽ ഉൾപ്പെട്ടു വന്നിരിക്കുന്നത്.

### 1-2-6 ടോട്ടൽ സാനിറ്റേഷൻ- ബാങ്ക് അക്കൌണ്ടിൽ മതിയായ ബാലൻസില്ല.

തൻവർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം ഗ്രാൻ്റ് ഫ്രം ശുചിത്വ മിഷൻ എന്നയിനത്തിൽ 1313953/- രൂപയും, ടോട്ടൽ സാനിറ്റേഷൻ ഇനത്തിൽ 708655/- രൂപയും ഉൾപ്പെടെ ആകെ 2022608/- രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുകകൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ചിട്ടുള്ള പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ട്, ടോട്ടൽ സാനിറ്റേഷൻ അക്കൗണ്ട്, റ്റി.എസ്.സി പെർഫോമൻസ് ഗ്രാന്റ് അക്കൗണ്ട് എന്നിവയിലാണ് നിക്ഷേപിച്ചിരിക്കുന്നത്. ഈ 3 ബാങ്ക് അക്കൗണ്ടുകളിലും കൂടി മേൽ ബാധ്യതയ്ക്ക് തത്തുല്യമായ തുക നീക്കിയിരിപ്പില്ല. ആകെ 1101370/- രൂപ മാത്രമാണ് ഈ 3 ബാങ്ക് അക്കൗണ്ടുകളിലും കൂടിയുള്ള നീക്കിയിരിപ്പ്.

### 1-2-7 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

## 1-2-8 പെർമിറ്റ് രജിസ്റ്ററിൽ- ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

പെർമിറ്റ് സംബന്ധിച്ച രജിസ്റ്ററിൽ ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ഡിമാൻ്റ് കളക്ഷൻ ബാലൻസ് എന്നിവയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

## 1-2-9 വസ്തു നികുതി- സഞ്ചയ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാൻ്റ് ,കളക്ഷൻ ,ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള പത്രിക പ്രകാരമുള്ള ഡിമാൻ്റ്, കളക്ഷൻ, ബാലൻസുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെൻ്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6026795 |
| വരവ് | 54115533 |
| ആകെ | 60142328 |
| ചെലവ് | 51366537 |
| നീക്കിയിരിപ്പ് | 8775791 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1293028 |

## 1-4 ഗ്രാൻ്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | | 4944118 | 4944118 | 4943275 | 843 | ലാപ്സായ തുക |
| വികസന ഫണ്ട്- എസ്.സി.പി | | 1637176 | 1637176 | 856058 | 781118 | ക്യൂ ബില്ലിൽ ഉൾപ്പെട്ട 60000/- രൂപ കഴിച്ച് 721118/- രൂപ തൻവർഷ അലോക്കേഷനിൽ ലാപ്സായി |
| വികസന ഫണ്ട്- ടി.എസ്.പി | | 85000 | 85000 | 29616 | 55384 | 55384/- രൂപ തൻവർഷ അലോക്കേഷനിൽ ലാപ്സായി |
| മെയിൻ്റനൻസ് ഗ്രാൻ്റ്- റോഡ് | | 1843000 | 1843000 | 548162 | 1294838 | ക്യൂ ബില്ലിൽ ഉൾപ്പെട്ട 111743/- രൂപ കഴിച്ച് 1183095/- രൂപ തൻവർഷ അലോക്കേഷനിൽ ലാപ്സായി |
| മെയിൻ്റനൻസ് ഗ്രാൻ്റ്- റോഡിതരം | | 3251000 | 3251000 | 1628080 | 1622920 | ക്യൂ ബില്ലിൽ ഉൾപ്പെട്ട 1256200/- രൂപ കഴിച്ച് 366720/- രൂപ തൻവർഷ അലോക്കേഷനിൽ ലാപ്സായി |
| സെൻട്രൽ ഫിനാൻസ് | | 4893206 | 4893206 | 2026085 | 2867121 | ക്യൂ ബില്ലിൽ ഉൾപ്പെട്ട |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് | | | | | | 1298953/- രൂപ കഴിച്ച് 1568168/- രൂപ തൻവർഷ അലോക്കേഷനിൽ ലാപ്സായി |
| ടോട്ടൽ സാനിട്ടേഷൻ ക്യാംപെയിൻ | 708655 | -- | 708655 | -- | 708655 | നീക്കിയിരിപ്പ് |
| ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീം | 199934 | 387778 | 587712 | 323523 | 264189 | നീക്കിയിരിപ്പ് |
| സ്വച്ച് ഭാരത് മിഷൻ | 2426389 | 17618 | 2444007 | 1130054 | 1313953 | നീക്കിയിരിപ്പ് |
| ലൈഫ് മിഷൻ പ്രോഗ്രാം (സംസ്ഥാനാവിഷ്കൃതം) | | 9200000 | 9200000 | 9000000 | 200000 | നീക്കിയിരിപ്പ് |

## 1-4-1 വികസന ഫണ്ട്-ജനറൽ

വികസന ഫണ്ട് -ജനറൽ വിഭാഗത്തിൽ തൻവർഷം ആകെ 4944118/- രൂപ പഞ്ചായത്തിന് അലോക്കേറ്റ് ചെയ്തിരുന്നു. ഇതിൽ 4943275/- രൂപയും തൻവർഷം വിനിയോഗിച്ചിട്ടുണ്ട്. അലോക്കേറ്റ് ചെയ്ത തുകയിൽ 843/- രൂപ മാത്രമാണ് ലാപ്സായത്.

## 1-4-2 വികസന ഫണ്ട്-എസ്.സി.പി

വികസന ഫണ്ട് -എസ്.സി.പി വിഭാഗത്തിൽ തൻവർഷം ആകെ 1637176/- രൂപ പഞ്ചായത്തിന് അലോക്കേറ്റ് ചെയ്തിരുന്നു. ഇതിൽ ക്യൂ ബിൽ ഉൾപ്പെടെ ആകെ 916058/- രൂപ മാത്രമാണ് വിനിയോഗിക്കാനായത്. അലോക്കേറ്റ് ചെയ്തതിൽ 44.05% തുകയും (721118/- രൂപ) ലാപ്സായി പോയി.
ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാൻ്റ് സ്റ്റേറ്റ് മെൻ്റ് പ്രകാരം വികസന ഫണ്ട് എസ്.സി.പി വരവ് ചെലവുകളായി രേഖപ്പെടുത്തിയിരിക്കുന്നത് ലൈഫ് ഭവന പദ്ധതി ലോൺ റീപേയ്മെൻ്റ് ഇനത്തിൽ ശ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് കഴിച്ചുള്ള തുകയാണ്. തന്മൂലം ഇത് പഞ്ചായത്തിൻ്റ യഥാർത്ഥ വരവ് ചെലവുകളെ പ്രതിഫലിപ്പിക്കുന്നില്ല.

## 1-4-3 വികസന ഫണ്ട്-റ്റി.എസ്.പി

വികസന ഫണ്ട് -റ്റി.എസ്.പി വിഭാഗത്തിൽ തൻവർഷം ആകെ 85000/- രൂപ പഞ്ചായത്തിന് അലോക്കേറ്റ് ചെയ്തിരുന്നു. ഇതിൽ 29616/- രൂപ മാത്രമാണ് വിനിയോഗിക്കാനായത്. അലോക്കേറ്റ് ചെയ്തതിൽ 65.16% തുകയും (55384/- രൂപ) ലാപ്സായി പോയി.

## 1-4-4 ധനകാര്യ കമ്മീഷൻ ഗ്രാൻ്റ്

ധനകാര്യ കമ്മീഷൻ ഗ്രാൻ്റ് വിഭാഗത്തിൽ തൻവർഷം ആകെ 4893206/- രൂപ പഞ്ചായത്തിന് അലോക്കേറ്റ് ചെയ്തിരുന്നു. ഇതിൽ ക്യൂ ബിൽ ഉൾപ്പെടെ ആകെ 3325038/- രൂപ മാത്രമാണ് വിനിയോഗിക്കാനായത്. അലോക്കേറ്റ് ചെയ്തതിൽ 1568168/- രൂപ ലാപ്സായി പോയി.

## 1-4-5 മെയിൻ്റനൻസ് ഫണ്ട് -റോഡ്

മെയിൻ്റനൻസ് ഫണ്ട് -റോഡ് വിഭാഗത്തിൽ തൻവർഷം ആകെ 3251000/- രൂപ പഞ്ചായത്തിന് അലോക്കേറ്റ് ചെയ്തിരുന്നു. ഇതിൽ ക്യൂ ബിൽ ഉൾപ്പെടെ ആകെ 659905/- രൂപ മാത്രമാണ് വിനിയോഗിക്കാനായത്. അലോക്കേറ്റ് ചെയ്തതിൽ 64.19% തുകയും (1183095/- രൂപ) ലാപ്സായി പോയി.

## 1-4-6 മെയിൻ്റനൻസ് ഫണ്ട് -നോൺ റോഡ്

മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് വിഭാഗത്തിൽ തൻവർഷം ആകെ 3251000/- രൂപ പഞ്ചായത്തിന് അലോക്കേറ്റ് ചെയ്തിരുന്നു. ഇതിൽ ക്യൂ ബിൽ ഉൾപ്പെടെ ആകെ 2884280/- രൂപ മാത്രമാണ് വിനിയോഗിക്കാനായത്. അലോക്കേറ്റ് ചെയ്തതിൽ 366720/- രൂപ ലാപ്സായി പോയി.

## 1-4-7 സംയോജിത ശിശു വികസന പദ്ധതി

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാൻ്റ് സ്റ്റേറ്റ്മെൻ്റ് പ്രകാരം കേന്ദ്രാവിഷ്കത പദ്ധതിയായ സംയോജിത ശിശു വികസന പദ്ധതിയിൽ രേഖപ്പെടുത്തിയിട്ടുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 4693185 | 4693185 | 886060 | 3807125 |

| | | | | | |
|---|---|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | 199934 | 387778 | 587712 | 323523 | 264189 |

## 1-4-8 സ്വച്ഛ് ഭാരത് മിഷൻ

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാൻ്റ് സ്റ്റേറ്റ്മെൻ്റ് പ്രകാരം സ്വച്ഛ് ഭാരത് മിഷൻ ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാൻ്റ് സ്റ്റേറ്റ്മെൻ്റ് പ്രകാരം | 0 | 1225845 | 1225845 | 615335 | 610510 |
| വാർഷിക കണക്ക് പ്രകാരം | 2426389 | 17618 | 2444007 | 1130054 | 1313953 |

## 1-4-9 സാനിറ്റേഷൻ മിഷൻ

ഗ്രാൻ്റ് സ്റ്റേറ്റ്മെൻ്റ് അനക്ഷരിൽ ഉൾപ്പെട്ടു വന്നിട്ടുള്ള സാനിറ്റേഷൻ മിഷൻ എന്നു പറയുന്ന ഇനത്തിലുള്ള വരവ് ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടു കാണുന്നില്ല.

## 1-4-10 ലൈഫ് മിഷൻ

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാൻ്റ് സ്റ്റേറ്റ്മെൻ്റ് പ്രകാരം ലൈഫ് മിഷൻ പ്രോഗ്രാം ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാൻ്റ് സ്റ്റേറ്റ്മെൻ്റ് പ്രകാരം | 0 | 77522246 | 77522246 | 9365583 | 68156663 |
| വാർഷിക കണക്ക് പ്രകാരം | 0 | 9200000 | 9200000 | 9000000 | 200000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 105 | 71006867 | 34 | 25018006 | 35 | 36 | 32% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2392 | 1326566 | 1328958 | 931683 | 397275 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 15589317 | 15589317 | 15589317 | |

ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തെഴിലവസരങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 24 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2184 |
| തൊഴിലിന് അപേക്ഷ നല്കിയ കുടുംബങ്ങളുടെ എണ്ണം | 1381 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1381 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 51888 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 37.57% |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുമ്പങ്ങൾ | 13 |

തൻവർഷം തൊഴിലിനായി അപേക്ഷിച്ച 1381 കുടുംബങ്ങളിൽ 13 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ നല്കാനായത്.

തൻവർഷം ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 2333 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 217 |
| തൻവർഷം പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | 117 |
| സ്പിൽ ഓവറായി നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | 100 |
| ഉപേക്ഷിക്കപ്പെട്ട പദ്ധതികളുടെ എണ്ണം | 0 |

ആവിഷ്കരിച്ച പദ്ധതികളിൽ തുച്ഛമായ പദ്ധതികൾക്ക് മാത്രമാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. അംഗീകാരം ലഭിച്ച പദ്ധതികളിൽ 117 എണ്ണം പൂർത്തീകരിക്കുകയും 100 എണ്ണം സ്പിൽ ഓവറായി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

## 1-7 സാമൂഹ്യ സുരക്ഷാ പെൻഷൻ

ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 158880 | 87 |
| കർഷകതൊഴിലാളി പെൻഷൻ | 1480800 | 280 |
| വിധവാപെൻഷൻ | 1972200 | 367 |
| വാർദ്ധക്യകാലപെൻഷൻ | 3885900 | 899 |
| വികലാംഗപെൻഷൻ | 627600 | 111 |
| അവിവാഹിത പെൻഷൻ | 152400 | 27 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-03-2021 3.30 പി.എം ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 35,925/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.പണം സൂക്ഷിക്കുന്നതിന് ചെസ്റ്റ് സൗകര്യങ്ങളില്ല.
2. ഗ്രാമപഞ്ചായത്തിലെ നികുതി ഡിമാന്റ് കൃത്യമാക്കുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നില്ല.പുതിയ നികുതി സ്രോതസ്സുകൾ കണ്ടെത്തുന്നതിനും നികുതി ചോർച്ച തടയുന്നതിനും കാര്യമായ നടപടികളൊന്നും സ്വീകരിച്ചുവരുന്നില്ല.
3. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
4. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
6. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
7. .പഞ്ചായത്ത് ഭരണ സമിതി, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ എന്നിവയുടെ യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും സ്ഥാപനത്തിന്റെ വരവ് - ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല.
8. തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.
9. പഞ്ചായത്തിലെ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല.ഉദാ- പെൻഷൻ രജിസ്റ്ററുകൾ, സ്റ്റോക്ക് രജിസ്റ്റർ Etc.

10. ഫ്രണ്ട് ഓഫീസ് വഴി ലഭിക്കുന്ന തപാലുകൾ സെക്രട്ടറി ഇൻഷ്യൽ ചെയ്ത് അതാത് സെക്ഷനുകൾക്ക് നൽകുന്നത് പേഴ്സണൽ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകള് നടത്തിയതിന്റെ വിവരം

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ അക്കൌണ്ടന്റ് ജനറലിന്റെയും പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെയും മുന്കാല റിപ്പോർട്ടുകളില് തീർപ്പാകതെ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം ലഭ്യമായില്ല. അക്കൌണ്ടന്റ് ജനറലിന്റെയും പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെയും മുന്കാല റിപ്പോർട്ടുകളിൽ തീർപ്പാക്കാതെ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കാൻ സത്വര നടപടികള് സ്വീകരിക്കേണ്ടതാണ്.

## 1-11 ഇ-ടെണ്ടർ- ഫീസ് പഞ്ചായത്തിന്റെ അക്കൌണ്ടിലേയ്ക്ക് ലഭ്യമാകുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും(ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. പെരുമ്പളം ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ഇതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ കറന്റ് അക്കൗണ്ട് (നം.38342347283)ആരംഭിച്ചിട്ടുണ്ട്.

ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിക്കുന്ന തുക അതത് സ്ഥാപനത്തിന് അർഹമായ തുക തരംതിരിച്ച് നല്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതിനാലാണ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് നിർദേശം നല്കിയിട്ടുള്ളത്. അക്കൗണ്ട് ആരംഭിച്ചെങ്കിലും നാളിതുവരെയായും ഇ-ടെണ്ടർ ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ തുകകൾ ഈ അക്കൗണ്ടിലേക്ക് ലഭിച്ചിട്ടില്ല. ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് ഇപ്പോഴും ഈയിനത്തിലുള്ള തുകകൾ നിക്ഷേപിക്കപ്പെടുന്നത്. പഞ്ചായത്തിന് അർഹമായ തുക ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-12 പഞ്ചായത്ത് ലൈസൻസ് -സമയപരിധി പാലിക്കുന്നില്ല

1994 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) നിയമം വകുപ്പ് 232, 232(1) എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിലെ നിബന്ധനകൾക്ക് അനുസൃതമല്ലാതെയും പഞ്ചായത്ത് പരിധിയിൽ ഈയിനത്തിലെ ചട്ടം 3 പട്ടിക 1 പ്രകാരമുള്ള ആവശ്യങ്ങൾക്ക് യാതൊരുസ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 10 പ്രകാരം ഈ ആവശ്യങ്ങൾക്കുള്ള നിലവിലെ ലൈസൻസ് പുതുക്കുന്നത് സാമ്പത്തിക വർഷാവസാനത്തിന് 30 ദിവസം മുമ്പും പുതിയ ലൈസൻസ് അനുവദിക്കുന്നത് സ്ഥാപനം തുറക്കുന്നതിന് 30 ദിവസം മുമ്പുമായിരിക്കണം. 2019-20 സാമ്പത്തിക വർഷത്തിൽ പെരുമ്പളം ഗ്രാമപഞ്ചായത്ത് ലൈസൻസ് രജിസ്റ്റർ പ്രകാരം 72 സ്ഥാപനങ്ങളാണ് ലൈസൻസ് വാങ്ങിയിട്ടുള്ളത്. ലൈസൻസ് അപേക്ഷ,രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിലവിൽ ലൈസൻസുള്ള എല്ലാ സ്ഥാപനങ്ങളും തന്നെ സാമ്പത്തിക വർഷം ആരംഭിച്ചതിന് ശേഷം മാത്രമാണ് ലൈസൻസ് വാങ്ങിയിട്ടുള്ളത്.

കൂടാതെ 2019-20 സാമ്പത്തിക വർഷത്തെ ലൈസൻസ് ഫീസ് രജിസ്റ്റർ , അപേക്ഷകൾ എന്നിവ പരിശോധച്ചു പ്രകാരം 1996 ലെ പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ ഡിപ്പോകൾ, അബ്കാരി ഷോപ്പുകൾ(കള്ളുഷാപ്പ്) (ക്രമ നം-139) എന്നീ വ്യാപാരങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകുകയോ പുതുക്കുകയോ ചെയ്യുന്നില്ല.

ചട്ടം പ്രകാരം പ്രസിഡന്റാണ് ലൈസൻസ് അനുവദിക്കേണ്ടത്.അപേക്ഷകൾ പരിശോധിച്ചതിൽ പ്രസിഡന്റ് ഇപ്രകാരം അനുമതി നൽകുന്ന വിവരം രേഖപ്പെടുത്തിയിട്ടില്ല.
മേൽ അപാകങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 പഞ്ചായത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് കുറഞ്ഞ ഫീസ് ഈടാക്കി

സർക്കാർ ഉത്തരവ് നം-78/2019/LSGD തിയതി 02/11/2019 പ്രകാരം നിലവിൽ വന്ന കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 പ്രകാരം ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് ഫീസ് പുതുക്കി നിശ്ചയിച്ചിരുന്നു.താമസാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 7 രൂപയും ( 150 ചതുരശ്രമീറ്റർ വരെ 50% ഇളവ്) താമസേതര കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 10 രൂപയുമാണ് ഉത്തരവ് തിയതി മുതൽ പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ 2019-20 സാമ്പത്തിക വർഷം 02/11/2019 മുതൽ പുതുക്കിയ ചട്ടങ്ങൾ നിലവിൽ വന്നെങ്കിലും ബിൽഡിംഗ് പെർമിറ്റ് ഫീസ് പുതുക്കിയ നിരക്കിൽ ഈടാക്കിയിട്ടില്ല. ഇതുമൂലം പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. 2019-20 ൽ ഈവിധം കുറഞ്ഞ ഫീസീടാക്കിയ ഏതാനം കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് ,വിലാസം | വിസ്തീർണ്ണം (ച.മീ) | ഉപയോഗം | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | വ്യത്യാസം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | അജേഷ്<br>പുതിയമാടവന,<br>പെരുമ്പളം<br>അപേക്ഷ<br>തിയതി-30.01.20 | 151.63 ച.മീ | പാർപ്പിടം | 1061/- | 453/-(119010101334dtd.19.02.20) | 608/- |
| 2 | സജി.കെ.പി<br>കലാനിലയം<br>പെരുമ്പളം<br>അപേക്ഷ<br>തിയതി-09.01.20 | 178.84<br>ച.മീ | പാർപ്പിടം | 1252/- | 524/-<br>(119010101334dtd.19.02.20) | 728/- |
| 3 | അജേഷ്<br>ചാത്തനേഴത്ത്,<br>പെരുമ്പളംഅപേക്ഷ<br>തിയതി-05.02.20 | 130.07 ച.മീ | പാർപ്പിടം | 455/- | 40/-(119010101263 &64<br>Dtd.05.02.20) | 415/- |
| | സിബിൻ ബാബു<br>മധുരപ്പള്ളിൽപെരുമ്പളം<br>അപേക്ഷ<br>തിയതി-14.01.20 | 102.93<br>ച.മീ | പാർപ്പിടം | 356/- | Rs.306/(119010101253dtd.0302.20) | Rs.50 |
| | ആകെ | | | | | 1801 |

02/11/2019 ന് ശേഷം പെർമിറ്റ് ഇനത്തിൽ കുറഞ്ഞ ഫീസ് മാത്രം ഈടാക്കിയിട്ടുള്ളതിൽ വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം-15 Dtd 27.03.2021) നൽകിയത് പ്രകാരം ഈ നാലു ഗുണഭോക്താക്കളിൽ നിന്നും ലഭിക്കേണ്ട ബാലൻസ് തുക ഈടാക്കിയതിന്റെ രസിതികൾ ഉൾപ്പടെ മറുപടി നൽകിയിട്ടുണ്ട്. പുതുക്കിയ പെർമിറ്റ് ഫീസ് നിലവിൽ വന്നതിനുശേഷം നൽകിയ ബിൽഡിംഗ് പെർമിറ്റുകളിൽ റാൻഡം പരിശോധന മാത്രമാണ് നടത്തിയത് എന്നതിനാൽ ഈ കാലയളവിൽ നൽകിയ പെർമിറ്റുകൾ സംബന്ധിച്ച വിശദമായ പരിശോധന നടത്തി കുറഞ്ഞ ഫീസ് വാങ്ങിയവരിൽ നിന്നും നിയമാനുസൃത നിരക്ക് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-14 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ</u>

പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി അർദ്ധവാർഷിക പത്രിക,രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിരുന്നു..

<u>ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.</u>

പെരുമ്പളം ഗ്രാമപഞ്ചായത്തിലെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയ താഴെപ്പറയുന്ന ഓഫീസുകളിൽ നിന്നും രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

01.സി.എച്ച്.സി പെരുമ്പളം

02.പി.എച്ച്.സി (സിദ്ധ) പെരുമ്പളം

03.ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാഗം

04.സി.ഡി.എസ് അക്കൗണ്ടന്റ്

05.ടെക്നിക്കൽ അസിസ്റ്റന്റ്

06.ജങ്കാർ ജീവനക്കാർ

07.പാലിയേറ്റീവ് നഴ്സ്

ഈ കാര്യങ്ങൾ പരാമർശിച്ച് 25/03/2021 ൽ ഓഡിറ്റ് എൻക്വയറി (നം-3) നൽകിയത് പ്രകാരം മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി രസീതികളുടെ പകർപ്പ് സഹിതം അറിയിച്ചിട്ടുണ്ട്.

ഇതിനുപുറമേ സർക്കാർ മിനിമം വേതനം നിർണ്ണയിച്ച് നടപ്പാക്കിയിട്ടുള്ള ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ ലൈസൻസികൾ, ഗ്രാമപഞ്ചായത്ത് വേതനം നൽകുന്ന രണ്ട് ജങ്കാറുകളിലേയും ജീവനക്കാർ, KSINC നേരിട്ട് നിയമിച്ചിട്ടുള്ള ജങ്കാർ ജീവനക്കാർ എന്നിവരുടെ വേതന നിരക്കുകൾ തൊഴിൽ നികുതി സ്ലാബുകളിലെ വരുമാന പരിധിയിൽ പെടുന്നതിനാൽ നിയമാനുസൃത നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് വേതനം നൽകുന്ന രണ്ട് ജങ്കാറുകളിലേയും

ജീവനക്കാരിൽ ആകെ ഒരാളിൽ നിന്നും മാത്രമാണ് രണ്ട് അർദ്ധവർഷത്തെയും തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. ഓഡിറ്റ്എൻക്വയറി നൽകിയത് പ്രകാരം മറ്റ് രണ്ട് പേരുടെ കൂടി തൊഴിൽ നികുതി ഈടാക്കിയെങ്കിലും ഇവരുടെ രണ്ടാം അർദ്ധവർഷ നികുതി മാത്രമാണ് ലഭ്യമായിട്ടുള്ളത്.

തനത് നികുതി സ്രോതസ്സുകൾ പരിമിതമായ പെരുമ്പളം ഗ്രാമപഞ്ചായത്തിലെ ഏറ്റവു പ്രധാന നികുതി സ്രോതസ്സുകളിലൊന്നായ തൊഴിൽ നികുതിയുടെ ഡിമാന്റ് വിവരങ്ങൾ കൃത്യമാക്കുന്നതിനും അതിലൂടെ നികുതി ചോർച്ച തടയുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

തൊഴിൽ നികുതി ചട്ടം പ്രകാരമുള്ള നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 കടമുറിയുടെ വാടക ഈടാക്കിയില്ല

ഇറപ്പുഴ ബോട്ട് ജെട്ടിയിലെ ഗ്രാമപഞ്ചായത്തിന്റെ കടമുറി വർഷങ്ങളായി ശ്രീ.അജേഷ്കുമാർ കുരുവിത്തോടത്ത് എന്നയാളിനാളിനാണ് വാടകക്ക് നൽകിയിരുന്നത് .2019-20 വാടക രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീ.അജേഷ്കുമാർ കുരുവിത്തോടത്ത് പ്രതിമാസം 1100 രൂപ നിരക്കിൽ 2019 ഏപ്രിൽ മുതൽ ഓഗസ്റ്റ് മാസം വരെയുള്ള 5 മാസത്തെ വാടക മാത്രമാണ് പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷം തന്നെ ഏഴ് മാസത്തെ കുടിശ്ശിക (Rs.7700) യുണ്ട്. വാടക രജിസ്റ്ററിൽ 2020-21 സാമ്പത്തിക വർഷത്തെ കടമുറി വാടക വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല.
വാടക കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.വാടക കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്.

പ്രോജക്ട് നം.20

ചെലവ്- 45790/- രൂപ(ബിൽ നം.3 തീ. 22.02.2020)

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച ഈ പദ്ധതി പ്രകാരം രണ്ട് ലാപ് ടോപ്പ് വാങ്ങുന്നതിനായി മേൽ ബിൽ പ്രകാരം 45790/- രൂപ കെൽട്രോണിന് നല്കിയിട്ടുണ്ട്. എന്നാൽ ലാപ്ടോപ്പ് നാളിതു വരെയായും കെൽട്രോണിൽ നിന്നും ലഭ്യമായിട്ടില്ല. തന്മൂലം ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട അമ്പിളി വിശ്വംഭരൻ, അമൃത ബാലകൃഷ്ണൻ എന്നീ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തിട്ടില്ലായെന്ന് കാണുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17 തീ 29.03.2021) മറുപടി ലഭ്യമാക്കിയില്ല. കെൽട്രോണിൽ നിന്നും ലാപ്ടോപ്പ് ലഭ്യമാക്കി മേൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യും വരെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 തെരുവു വിളക്ക് മെയിൻറനൻസ്- രേഖകൾ ലഭ്യമല്ല.

പ്രോജക്ട് നം.4/2020
പ്രോജക്ടിന്റെ പേര്: തെരുവു വിളക്ക് മെയിൻറനൻസ്
അടങ്കൽ:ധനകാര്യ കമ്മീഷൻ അവാർഡ് -99829/- രൂപ
ചെലവ്:88678/-രൂപ
(1.ട്രഷറി ബിൽ നം.47 തീയതി.03.02.2020-22750/- രൂപ
2.ട്രഷറി ബിൽ നം.52 തീയതി.19.02.2020-10928/- രൂപ
3.ട്രഷറി ബിൽ നം.53 തീയതി.28.02.2020-27250/- രൂപ
4.ട്രഷറി ബിൽ നം.59 തീയതി.31.03.2020-27750/- രൂപ)
2019-20 സാമ്പത്തിക വർഷം പെരുമ്പളം ഗ്രാമ പഞ്ചായത്തിൽ തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ആകെ 88678/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ മേൽ ക്രമ നം.1,3,4 ബില്ലുകൾ പ്രകാരമുള്ള തുകകൾ അറ്റകുറ്റപ്പണി നടത്തിയ കരാറുകാരന് നല്കിയതും ക്രമ നം.2 പ്രകാരമുള്ള തുക തെരുവു വിളക്ക് ഉപകരണങ്ങൾ സപ്ളൈ ചെയ്ത യുണൈറ്റ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിനു നല്കിയതുമാണ്.
ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 24.12.2019-ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ (പോസ്റ്റ്-1-ന് 250/- രൂപ) സമർപ്പിച്ച സജിത്.കെ.എസ് എന്ന കരാറുകാരന് തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിക്കായുള്ള കരാർ നല്കിയിട്ടുണ്ട്. ആയതു പ്രകാരം 2020 ജനുവരി മാസം 9-ാം തീയതി പഞ്ചായത്ത് ടിയാനുമായി 1 വർഷത്തേക്കുള്ള കരാറിലേർപ്പെട്ടിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ തൻവർഷം തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തിയ ഇനത്തിൽ 77750/- രൂപ കരാറുകാരന് നല്കിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ ജോലി ചെയ്തതിന്റെ യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല. കരാറുകാരന്റെ റിപ്പോർട്ടോ, വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രമൊ, മോണിട്ടറിംഗ് കമ്മറ്റി റിപ്പോർട്ടോ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8 തീ.26.03.2021) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ കരാറുകാരന് നല്കിയ തുക 77750/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 നിക്ഷേപ പ്രവർത്തികൾ- യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായില്ല.

പെരുമ്പളം ഗ്രാമ പഞ്ചായത്തിലെ തെരുവുവിളക്ക് വ്യാപനം, പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്നിവയുമായി ബന്ധപ്പെട്ട നിക്ഷേപ പ്രവർത്തികൾക്കായി 2019-20 സാമ്പത്തിക വർഷം 573288/- രൂപ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ | പ്രോജക്ടിന്റെ | കൈമാറിയ | ട്രഷറി ബിൽ | |
|---|---|---|---|---|

| നം | നമ്പരും പേരും | തുക | നം തീയതി | കുറിപ്പ് |
|---|---|---|---|---|
| 1 | 7/ തെരുവു വിളക്ക് വ്യാപനം | 524161 | 42/07.01.2020 | 47788/- രൂപയുടെ പ്രവർത്തി പൂർത്തീകരിക്കാനവശേഷിക്കുന്നു |
| | | 9264 | 46/30.01.2020 | പൂർത്തീകരിച്ചു |
| 2 | 114/ലൈഫ് ഗുണഭോക്താക്കളുടെ വീട് നിർമാണത്തിന് ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ | 39863 | 35/18.10.2019 | പൂർത്തീകരിച്ചു |

തുക കൈപ്പറ്റിയതിൻ്റെ രേഖകളോ, പൂർത്തീകരണ സാക്ഷ്യപത്രമോ ഓഡിറ്റിൽ ലഭ്യമാക്കിയിരുന്നില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9 തീ.26.03.2021) നല്കിയ മറുപടിയോടൊപ്പം 47788/- രൂപയുടേതൊഴികെ ബാക്കിത്തുകയ്ക്കുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത തുകയുടെ ചെലവ് 47788/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 അംഗൻവാടി ജീവനക്കാർക്ക് അധിക വേതനം - മതിയായ തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കിയില്ല.

2018-19 സാമ്പത്തിക വർഷം മുതൽ അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫല ഇനത്തിലെ പ്രാദേശിക സർക്കാർ വിഹിതം പ്രോജക്ട് വച്ച് നല്കുന്നതിന് പകരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിൻ്റെ പൊതു വിഭാഗത്തിൽ നിന്നും നിശ്ചിത ശീർഷകത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് സർക്കാർ നിർദേശിച്ചിരുന്നു. ആയത് പ്രാകരം പെരുമ്പളം ഗ്രാമ പഞ്ചായത്തിന് 2019-20 സാമ്പത്തിക വർഷം വികസന ഫണ്ട് പൊതു വിഭാഗത്തിൽ അലോക്കേറ്റ് ചെയ്ത തുകയിൽ നിന്നും അംഗൻവാടി ജീവനക്കാരുടെ 2019-20 വർഷങ്ങളിലെ പ്രതിഫല ഇനത്തിലെ പഞ്ചായത്ത് വിഹിതം 657000/- രൂപ നിശ്ചിത ശീർഷകത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കുന്നതിന് താഴെപ്പറയുന്ന ഉത്തരവുകളിൽ നിർദേശിച്ചിരുന്നു.

| അലോട്ട്മെൻ്റ് ഉത്തരവ് നം. | അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം 2019-20 |
|---|---|
| ജി.ഒ(ആർ.റ്റി) നം.2772/2019 ഫിൻ തീ.03.04.2019 | 219000 |
| ജി.ഒ(ആർ.റ്റി) നം.6105/2019 ഫിൻ തീ.01.08.2019 | 219000 |
| ജി.ഒ(ആർ.റ്റി) നം.10050/2019 ഫിൻ തീ.21.12.2019 | 219000 |

എന്നാൽ പെരുമ്പളം ഗ്രാമ പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം മേൽ ഉത്തരവുകൾ പ്രകാരമുള്ള തുകയിൽ 219000/- രൂപ (പ്രോജക്ട് നം.65/20) മാത്രമാണ് തൻവർഷം ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കിയത്. അവശേഷിക്കുന്ന 438000/- രൂപ തൻവർഷം ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കിയിട്ടില്ല. അതത് വർഷത്തേയ്ക്കുള്ള തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തില്ലായെങ്കിൽ തുടർ വർഷത്തെ അലോക്കേഷനിൽ നിന്നും ഈ തുക കിഴിവ് ചെയ്തതിനു ശേഷമേ വികസന ഫണ്ടിൻ്റെ പൊതു വിഭാഗത്തിലുള്ള അലോക്കേഷൻ അനുവദിക്കാറുള്ളൂ. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എന്ർക്വയറിയ്ക്ക് സാമ്പത്തിക വർഷാവസാനമാണ് 438000/- രൂപയുടെ പദ്ധതികൾ കൂടി വെയ്ക്കണമെന്ന നിർദേശം ലഭിച്ചതെന്നും ആ സമയത്ത് പദ്ധതി ഉൾപ്പെടുത്തുന്നതിന് തുക ലഭ്യമല്ലാതിരുന്നതിനാലാണ് പ്രോജക്ട് വയ്ക്കാതിരുന്നതെന്നും മറുപടി നല്കി. എന്നാൽ മേൽ പട്ടികയിലുള്ള സർക്കാർ ഉത്തരവുകൾ പരിശോധിച്ചാൽ മനസിലാകും 2019 ഡിസംബർ മാസത്തിൽ തന്നെ ഇതു സംബന്ധിച്ച നിർദേശങ്ങൾ നല്കിയിരുന്നുവെന്ന്. സർക്കാർ നിർദേശ പ്രകാരമുള്ള തുകകൾ അതത് സാമ്പത്തിക വർഷം തന്നെ നിശ്ചിത ശീർഷകത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ആയുർവേദാശുപത്രിക്ക് റീ വയറിംഗ്- എഞ്ചിനീയർമാർക്കുള്ള വേതനം കരാറുകാരൻ്റെ അക്കൌണ്ടിലേയ്ക്ക് നല്കി.

പ്രോജക്ട് നം.82/2020
പ്രോജക്ടിൻ്റെ പേര്: ആയുർവേദാശുപത്രിക്ക് റീ വയറിംഗ്
അടങ്കൽ:മെയിൻ്റനൻസ് ഗ്രാൻ്റ് - 100000/- രൂപ
ചെലവ്:99452/-രൂപ
(1.ട്രഷറി ബിൽ നം.4 തീയതി.29.06.2019-99452/- രൂപ)
തൻവർഷം ഈ പദ്ധതി പ്രകാരം ആയുർവേദാശുപത്രിയുടെ റീ വയറിംഗിനായി മേൽ ബിൽ പ്രകാരം ആകെ 99452/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ആകെ വേലമൂല്യം 95616/- രൂപയാണ്. ഇതു കൂടാതെ സർക്കാർ ഉത്തരവ് നം.2878/2015/ത.സ്വ.ഭ.വ തീ.22.09.2015 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ, അളവെടുക്കൽ വർക്ക് ബിൽ തയ്യാറാക്കൽ എന്നിവയ്ക്കായി 2877/- രൂപയും, ചെക്ക് മെഷർമെൻ്റിനുള്ള വേതനമിനത്തിൽ 959/- രൂപയും ഉൾപ്പെടെയുള്ള ആകെ ചെലവാണ് 99452/- രൂപ. ഈ പ്രവർത്തിയുടെ ബിൽ നല്കിയപ്പോൾ ആകെ ബിൽ തുകയിൽ നിന്നും ഇൻകം ടാക്സ് (995/- രൂപ), നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം(995/- രൂപ) എന്നിവ കഴിച്ചുള്ള മുഴുവൻ തുകയും (97462/- രൂപ) ഈ പ്രവർത്തിയുടെ കരാറുകാരനായ ശ്രീ.ഷാബുമോൻ്റെ ബാങ്ക് അക്കൌണ്ടിലേയ്ക്കാണ് നല്കിയിരിക്കുന്നത്. പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ, അളവെടുക്കൽ വർക്ക് ബിൽ തയ്യാറാക്കൽ എന്നിവ ചെയ്ത ജസ്റ്റിൻ തോമസ് (മെമ്പർ(ഇലക്ട്രിക്കൽ),ഡി.എൽ.റ്റി.സി.ഇ,എൽ.എസ്.ജി.ഡി) പ്രവർത്തിയുടെ ചെക്ക് മെഷർമെൻ്റ് നടത്തിയ രാധാകൃഷ്ണൻ നായർ (മെമ്പർ(ഇലക്ട്രിക്കൽ),ഡി.എൽ.റ്റി.സി.ഇ,എൽ.എസ്.ജി.ഡി) എന്നിവർക്കുള്ള വേതനത്തുക

ഉൾപ്പെടെയുള്ള തുകയാണ് കോൺട്രാക്ടറുടെ അക്കൗണ്ടിലേക്ക് അനുവദിച്ചിരിക്കുന്നത്. ടിയാളുകൾ അവരുടെ ബാങ്ക് അക്കൗണ്ട് അടക്കമുള്ള വിവരങ്ങൾ പഞ്ചായത്തിലേക്ക് കൈമാറിയിരുന്നു. ഈ സാഹചര്യത്തിൽ ടി തുക ഇവരുടെ അക്കൗണ്ടിലേക്ക് കൈമാറാതെ കോൺട്രാക്ടറുടെ അക്കൗണ്ടിലേക്ക് മാറി നല്കിയതിൻ്റെ കാരണം അറിയിക്കേണ്ടതാണ നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11 തീ.26.03.2021) നല്കിയ മറുപടിയോടൊപ്പം ശ്രീ.ജസ്റ്റിൻ തോമസ്, ശ്രീ.രാധാകൃഷ്ണൻ നായർ എന്നിവർ പെരുമ്പളം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും തുക കൈപ്പറ്റിയതായുള്ള രസീത് ഹാജരാക്കിയിട്ടുണ്ട്. ഈ തുക കരാറുകാരൻ മേൽ ഉദ്യോഗസ്ഥർക്ക് കൈമാറിയിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കി. സാങ്കേതിക വിദഗ്ദർ നല്കുന്ന സേവനത്തിനുള്ള പ്രതിഫലം അവരുടെ അക്കൌണ്ടിലേയ്ക്ക് തന്നെ മാറി നല്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കേണ്ടതാണ്.

## 1-21 പ്രമേഹ രോഗികൾക്ക് ഷുഗർ പരിശോധനയ്ക്കായുള്ള ഗ്ലൂക്കോ മീറ്റർ സ്ട്രിപ്പ് വാങ്ങൽ-ബിൽ ഹാജരാക്കിയില്ല.

പ്രോജക്ട് നം. 69
ചെലവ്- 9000/- രൂപ (ട്രഷറി ബിൽ നം.4 തീ.27.02.2020)
പ്രമേഹ രോഗികൾക്ക് ഷുഗർ പരിശോധനയ്ക്കായുള്ള ഗ്ലൂക്കോ മീറ്റർ സ്ട്രിപ്പ് വാങ്ങൽ പ്രകാരം 9000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കുറഞ്ഞ ക്വോട്ടേഷൻ നല്കിയ അപ്പോളോ സർജിക്കൽസ് & കെമിക്കൽസ് ആലപ്പുഴ എന്ന സ്ഥാപനത്തിന് 9000/- രൂപ നല്കിയതിന്റെ ട്രഷറി ബിൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും സ്ട്രിപ്പ് വാങ്ങിയത് സംബന്ധിച്ച സ്ഥാപനത്തിന്റെ ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18 തീ.29.03.2021) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവു തുക 9000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതികൾ -രേഖകൾ ഹാജരാക്കിയില്ല

പെരുമ്പളം ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ പെരുമ്പളം സൗത്ത് & നോർത്ത് സർക്കിൾ നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട കൃത്യമായ പ്രോജക്ട് ഫയലുകളോ ചെലവുരേഖകളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. നിലവിൽ ചുമതല വഹിക്കുന്ന വി.ഇ.ഒ ഏതാനും പദ്ധതി രേഖകൾ മാത്രമാണ് ഹാജരാക്കിയത്. എന്നാൽ ഇവ പരിശോധിക്കാനാവശ്യമായ മറ്റ് ചെലവ് വിശദാംശങ്ങളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് | രേഖകൾ ഹാജരാക്കാത്തത് | ബിൽ നം & തിയതി | തുക |
|---|---|---|---|---|---|---|---|
| 1 | 92/20 | ഭവനപുനരുദ്ധാരണം (Gen)-S.O | 87500 | 75000 | 50000 | 01/2019-20 Dtd 17/08/2019 | 50,000/- |
| 2 | 91/20 | ആശ്രയ കുടുംബങ്ങൾക്ക് ഭവനപുനരുദ്ധാരണം-S.O | 25000 | 25000 | 25000 | 05/2019-20 Dtd 27/09/2019 | 25,000 |
| 3 | 37/20 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 12,05,000 | 12,05,000 | 8,80,000 | 01/2019-20 Dtd 05/08/2019 | 8,80,000/- |

ഈ കാര്യങ്ങളിലുള്ള വിശദീകരണവും പദ്ധതി ചെലവിന്റെ രേഖകളും ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും വിശദീകരണമോ രേഖകളോ ഹാജരാക്കാത്തതിനാൽ മേൽ പദ്ധതികളിലായി ചെലവഴിച്ച 955000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റിന് ഹാജരാക്കിയ പദ്ധതി ഫയലുകളിൽ തന്നെ പദ്ധതിച്ചെലവുമായ ബന്ധപ്പെട്ട പരിശോധന കൃത്യമായി നടത്തുന്നതിനാവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല പ്രോജക്ടിന്റെ വിശദാംശങ്ങൾ , തുക മാറിയ ബില്ലുകളുടെ വിശദാംശങ്ങൾ എന്നിവ ലൈഫ് പദ്ധതി ഫയലുകളിൽ ഉൾപ്പെടെ ലഭ്യമല്ല. ഗുണഭോക്താക്കൾ നൽകിയ അപേക്ഷകളും റേഷൻകാർഡ്,ആധാർ കാർഡ്, വരുമാന സർട്ടിഫിക്കറ്റ് പോലുള്ള അനുബന്ധ രേഖകളും മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.ഗുണഭോക്താക്കളുടെ പേര് ,തുക നൽകിയ ബാങ്ക് അക്കൗണ്ട് എന്നീ വിവരങ്ങൾ അടങ്ങിയ ബിൽ കോപ്പി ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. ഇതിനാൽ തന്നെ ബിൽ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട് എന്ന വിവരം പരിശോധിക്കാനാകുന്നില്ല.ട്രഷറി ബിൽ ബുക്ക പ്രകാരം മാറിയ ചില ബില്ലുകൾ കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല ഉദാ- ബിൽ നം (01/2019-20 Dtd 05/08/2019,11/2019-20 Dtd 31/03/2020 & 12/2019-20 Dtd 31/03/2020.) കാഷ് ബുക്കിൽ രേഖപ്പെടുത്തിയ ബിൽ നം 10/2019-20 Dtd 13/03/2020 പ്രകാരമുള്ള 152000 രൂപ ആർക്കൊക്കെയാണ്,എത്രവീതവാണ് നൽകിയത് എന്നത് രേഖപ്പെടുത്തിയിട്ടില്ല.ഈ തുകയുടെ ട്രഷറി സ്റ്റേറ്റ്മെന്റും ലഭ്യമല്ല.

മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ പെരുമ്പളം ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ നടപ്പാക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുരേഖകൾ സുതാര്യതയോടെ ,കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ പദ്ധതി

മോണിറ്ററിംഗ് സമിതി ഈ വിഷയം പ്രത്യേകമായി പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നത് ചെലവുകളിലെ സുതാര്യതയും പദ്ധതി നടത്തിലെ കാര്യക്ഷമതയും ഉറപ്പാക്കുന്നതിന് അനുപേക്ഷണീയമാണ്..

## 1-23 സാന്ത്വന പരിചരണ പദ്ധതി-രേഖകൾ ഹാജരാക്കിയില്ല.

1.പ്രോജക്ട് നം. 68
ചെലവ്- 157700/- രൂപ (1.ചെക്ക് നം.074927തീ.24.02.2020- 53300/- രൂപ
2.ചെക്ക് നം.074931തീ.25.03.2020- 104400/- രൂപ)
സാന്ത്വന പരിചരണ പദ്ധതി പ്രകാരം ബ്ലോക്ക് വിഹിതമായി 157700/- രൂപ നിർവഹണോദ്യോഗസ്ഥന്റെ റിക്വിസിഷൻ പ്രകാരം പഞ്ചായത്തിൽ നിന്നും നല്കിയിട്ടുണ്ട്. എന്നാൽ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18 തീ.29.03.2021) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവു തുക 157700/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് സായാഹ്ന ഭക്ഷണം-പദ്ധതി നടത്തിപ്പിലെ പോരായ്മകൾ

പദ്ധതി-എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് സായാഹ്ന ഭക്ഷണം

പദ്ധതി നം-14/2020

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ് മാസ്റ്റർ ഗവ.എച്ച് എസ് എൽ.പി.എസ്, പെരുമ്പളം

അടങ്കൽ- 3,68,700/(വികസന ഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) -Rs.,100,000 മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്- 268,700 )

ചെലവ് -2,55,000/(വികസന ഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) -Rs.,100,000 മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്- 155000 )

ബിൽ നം- 02/2019-20 Rs.36125/- C/O 25/09/2019

03/2019-20 Rs.38250/- C/O 11/11/2019

04/2019-20 Rs.44625/- C/O 30/11/2019

05/2019-20 Rs.36125/- C/O 04/01/2020

06/2019-20 Rs.25625/- C/O 04/02/2020

07/2019-20 Rs.19000/- C/O 04/02/2020

08/2019-20 Rs.19000/- C/O 02/03/2020

09/2019-20 Rs.14875/- C/O 13/03/2020

2019-20 സാമ്പത്തിക വർഷം ഹെഡ് മാസ്റ്റർ ഗവ.എച്ച് എസ് എൽ.പി.എസ്, പെരുമ്പളം നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ മൂന്ന് എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് സായാഹ്ന ഭക്ഷണം നൽകുന്നതിനായി ആകെ 2,55,000 രൂപ ചെലവഴിച്ചിട്ടുണ്ട്..ടെണ്ടർ മുഖാന്തിരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത അമൃത കാറ്ററിംഗ് സർവ്വീസ് ,പെരുമ്പളം എന്ന സ്ഥാപനമാണ് സ്കൂളുകളിൽ സായാഹ്ന ഭക്ഷണം നൽകിയത്.സ്ഥാപനം നൽകിയ ബിൽ പ്രകാരമുള്ള തുക നിർവഹണ ഉദ്യോഗസ്ഥ കരാർ ഏറ്റെടുത്തയാളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്.

2019സെപ്തംബർ മാസം മുതൽ 2020മാർച്ച് മാസം വരെയാണ് പദ്ധതി കാലയളവ്.പെരുമ്പളം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൂന്ന് സർക്കാർ എൽ.പി സ്കൂളുകളിൽ ഈ കാലയളവിൽ പ്രവേശനം നേടിയ പ്രീ പ്രൈമറിയടക്കമുള്ള ആകെ വിദ്യാർത്ഥികളുടെ ലിസ്റ്റ് വാങ്ങി അതുപ്രകാരമാണ് സായാഹ്ന ഭക്ഷണത്തിനായി പദ്ധതി നടപ്പാക്കിയിട്ടുള്ളത്.പെരുമ്പളം ജി.എച്ച്.എസ് എൽ.പി.എസ് -225-ജി.എൽ.പി.എസ് -110,പെരുമ്പളം നോർത്ത് എൽ.പി.എസ് -90എന്നിങ്ങനെ ആകെ 425വിദ്യാർത്ഥികളാണ് ഈ മൂന്ന് സ്കൂളുകളിലായി അഡ്മിഷൻ നേടിയിരുന്നത്.

പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1..ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിലെ പ്രീപ്രൈമറി വിഭാഗത്തിലുൾപ്പടെയുള്ള കുട്ടികൾക്കാണ് പദ്ധതി ആനുകൂല്യം നൽകിയിട്ടുള്ളത്. പെരുമ്പളം ജി.എച്ച്.എസ് എൽ.പി.എസ് -83, പെരുമ്പളം നോർത്ത് എൽ.പി.എസ് -19എന്നിങ്ങനെ ആകെ 102വിദ്യാർത്ഥികൾ പ്രീ പ്രൈമറി വിഭാഗത്തിലാണ്.-ജി.എൽ.പി.എസ് പെരുമ്പളം നൽകിയ പട്ടികയിൽ വിദ്യാർത്ഥികളുടെ ക്ലാസ്സ് രേഖപ്പെടുത്തിയിട്ടില്ല.തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പിന്റെ 18/02/2019 ലെ സർക്കാർ ഉത്തരവ് (സാധാ) നം.359/2019 യ തസ്വഭവ പ്രകാരം സർക്കാരിന്റെ പ്രത്യേക അനുമതി വാങ്ങിയാണ് ഏതാനും സർക്കാർ സ്കൂളുകളിലെ പ്രീ പ്രൈമറി വിഭാഗത്തിൽ കൂടി ഈ ആനുകൂല്യം നൽകിയിട്ടുള്ളത്. പെരുമ്പളം ഗ്രാമപഞ്ചായത്തിലെ പ്രീ പ്രൈമറി വിഭാഗത്തിൽ പദ്ധതി ആനുകൂല്യം നൽകുന്നതിന് സർക്കാർ അനുമതി വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല..

2.സ്കൂൾ പ്രവർത്തി ദിനങ്ങളിൽ മൂന്ന് മണിക്ക് മുമ്പായി മൂന്ന് സർക്കാർ എൽ.പി സ്കൂളുകളിൽ ലഘുഭക്ഷണം എത്തിക്കാനാണ് കരാറിൽ വ്യവസ്ഥയുള്ളത്.ഓരോ സ്കൂളിലേയും ഓരോ പ്രവർത്തി ദിനങ്ങളിലേയും വിദ്യാർത്ഥികളുടെ ഹാജർ രാവിലെ തന്നെ കൃത്യമായി അറിയുവാൻ കഴിയുമെന്നിരിക്കെ ഹാജർ പരിഗണിക്കാതെ പദ്ധതി നടപ്പാക്കിയ ഏഴുമാസക്കാലയളവിലും മുഴുവൻ വിദ്യാർത്ഥികൾക്കുമുള്ള (425) ലഘുഭക്ഷണച്ചെലവ് കരാറുകാറന് നൽകി..ആകെ വിദ്യാർത്ഥികളുടെ എണ്ണത്തിന് അനുസരിച്ച് ക്വാട്ട് ചെയ്ത നിരക്കിൽ തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്.

3.പദ്ധതി നടപ്പിലാക്കിയ മൂന്ന് സ്കൂളുകളിലെയും അധികൃതർ ഭക്ഷണവിതരണം സംബന്ധമായ വിവരങ്ങളൊന്നും വിതരണം നടത്തിയ തിയതി,വിതരണം നടത്തിയ എണ്ണം എന്നിവ സാക്ഷ്യപ്പെടുത്തിയിട്ടില്ല.ഫയലിൽ ഇത് സംബന്ധിച്ച രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല..സ്ഥാപനം നിർവ്വഹണ ഉദ്യോഗസ്ഥക്ക് നൽകിയ കണക്ക് പ്രകാരമുള്ള തുക നൽകുകയാണ് ചെയ്തിട്ടുള്ളത്.

ഈ കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കുന്നതിനായി എൻക്വയറി (നമ്പർ 01 തിയതി 25/03/2021) നൽകിയിരുന്നു.ഇതിന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയത് ചുവടെ ചേർക്കുന്നു.

1) പെരുമ്പളം പോലെ വിദൂരപ്രദേശത്ത് പ്രീ പ്രൈമറി വിദ്യാർത്ഥികളെ ആശ്രയിച്ചാണ് സ്കൂളുകളുടെ പുതിയ അഡ്മിഷൻ എന്നതിനാൽ ഈ വിഭാഗത്തെ പദ്ധതിയിൽ നിന്ന് മാറ്റി നിർത്താനാകാത്ത സാഹചര്യമാണുള്ളത്.

2) സ്കൂളുകളിലെ ഓരോ ദിവസത്തെയും ഹാജർ പ്രകാരം ഭക്ഷണവിതരണം നടത്തുന്നത് കരാറുകാരന് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടാക്കുന്നതിനാലും കരാറിൽ മുഴുവൻ കുട്ടികളുടേയും എണ്ണം ഉണ്ടായിരുന്നതിനാലുമാണ് അത് ചെയ്യാത്തത്.

03) പദ്ധതി നടപ്പിലാക്കിയ സ്കൂളുകളിൽ വിതരണം സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല.കരാറുകാരൻ നൽകുന്ന ബില്ല് പ്രകാരമാണ് തുക നൽകി വരുന്നത്.

സർക്കാർ പ്രൈമറി സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാത സാഹാഹ്ന ഭക്ഷണം വിതരണം നടത്തുന്ന പദ്ധതി നല്ല രീതിയിലാണ് ആവിഷ്കരിച്ചിട്ടുള്ളത്.പദ്ധതി നടത്തിപ്പിലെ ചെറിയ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.ഇതിനായി സർക്കാർ ഉത്തരവ് (സാധാ) നം.359/2019 തസ്വഭവ തിയതി 18/02/2019 പ്രകാരം സർക്കാരിന്റെ പ്രത്യേക അനുമതി വാങ്ങിയാണ് തദ്ദേശസ്ഥാപനങ്ങൾ സർക്കാർ സ്കൂളുകളിലെ പ്രീ പ്രൈമറി വിഭാഗത്തിൽ കൂടി ഈ ആനുകൂല്യം നൽകിയിട്ടുള്ളത് എന്നതിനാൽ പെരുമ്പളം ഗ്രാമപഞ്ചായത്തിലെ പ്രീ-പ്രൈമറി വിഭാഗത്തിൽ കൂടി പദ്ധതി ആനുകൂല്യം നൽകുന്നതിന് സർക്കാർ അനുമതിക്കായി അപേക്ഷിക്കാവുന്നതാണ്. സ്കൂളുകളിലെ ഓരോ ദിവസത്തെയും യഥാർത്ഥ ഹാജർ പരിഗണിക്കാതെ ഭക്ഷണ വിതരണം നടത്തുന്നത് പദ്ധതിയിൽ അധികച്ചെലവിനും കരാറുകാരന് അധിക തുക നൽകുന്നതിനും കാരണമാകുമെന്നതിനാൽ അധികച്ചെലവ് ഒഴിവാക്കി പദ്ധതി ആനുകൂല്യത്തിന്റെ കാലയളവ് വർദ്ധിപ്പിക്കുന്ന രീതിയിൽ ക്രമീകരിക്കുന്നത് ഉചിതമായിരിക്കും. പദ്ധതി നടപ്പിലാക്കിയ സ്കൂളുകളിൽ വിതരണം സംബന്ധിച്ച രേഖകൾ സൂക്ഷിക്കുകയും അതുപ്രകാരം മാത്രം പദ്ധതി ചെലവ് നടത്തുകയും ചെയ്യേണ്ടതാണ്.

## <u>1-25 നിലവിലുള്ള ഗാർഹിക ശൗചാലയങ്ങൾക്ക് (I.H.H.L)സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് നൽകൽ-വികസനഫണ്ടിൽ നിന്നും അധികച്ചെലവ്</u>

പദ്ധതി-നിലവിലുള്ള ഗാർഹിക ശൗചാലയങ്ങൾക്ക് (I.H.H.L)സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് നൽകൽ (ബി.പി.എൽ വിഭാഗം)

പദ്ധതി നം-105/2020

നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ, പെരുമ്പളം

അടങ്കൽ- 360360/(വികസന ഫണ്ട് -ധനകാര്യകമ്മീഷൻ ഗ്രാന്റ് )-Rs.165360 + കേന്ദ്രാവിഷ്കൃത ഫണ്ട്-Rs.195000)

ചെലവ് -Rs.110880/(വികസന ഫണ്ട് -ധനകാര്യകമ്മീഷൻ ഗ്രാന്റ് Rs.100880 + Rs.10000/-പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ്)

ബിൽ നം- 11/2019-20 Rs.27720/- C/O 17/12/2019.

ബിൽ നം-13/2019-20 Rs.36960/- C/O 31/01/2020.

ബിൽ നം- 20/2019-20 Rs.27720/- C/O 04/03/2020.

ബിൽ നം- 26/2019-20 Rs.8480/- C/O 29/03/2020.

PBIG-Rs.10,000 Ch No.007052 Dt 19.03.2020.

2019-20 സാമ്പത്തിക വർഷം വി.ഇ.ഒ നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം ബി.പി.എൽ വിഭാഗത്തിലെ 12 ഗുണഭോക്താക്കൾക്ക് സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് നൽകുന്നതിനായി 9,240 രൂപ വീതം ആകെ 1,10,880രൂപ ധനസഹായം നൽകിയിട്ടുണ്ട്.

കേന്ദ്ര സർക്കാർ നടപ്പാക്കിവരുന്ന സ്വച്ഛഭാരത് മിഷൻ -ലോക ബാങ്ക് സഹായം പദ്ധതിയിൽ സംസ്ഥാനത്തിന് പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റായി അനുവദിച്ച തുകയിൽ നിന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.334/ഡി.സി 1/2018/ ത.സ്വ.ഭ.വ തി 21.07.18 , സർക്കാർ ഉത്തരവ് (സാധാ) നം3163/2018/ത.സ്വ.ഭ.വ, തിരുവനന്തപുരം തി.17/12/2018 എന്നിവ പ്രകാരമാണ് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം നല്കുന്നതിന് അനുവദിച്ചിട്ടുള്ളത്. പദ്ധതി പ്രകാരം പ്രളയബാധിത മേഖലയിലെ ബി.പി.എൽ കുടുംബങ്ങളുടെ പൂർണ്ണമായോ ഭാഗികമായോ തകർന്നുപോയ ശൗചാലയങ്ങൾ സെപ്റ്റിക് ടാങ്കുൾപ്പടെ പുനർ നിർമ്മിക്കുന്നതിന് (റിട്രോഫിറ്റിംഗ്) ഗാർഹിക ടോയ്ലറ്റ് യൂണിറ്റിനുള്ള നിലവിലെ ആകെ നിരക്കിന്റെ (Rs.15,400) 60% വരുന്ന തുകയായRs.9,240/- വരെ ഈയിനത്തിൽ സഹായം അനുവദിക്കാവുന്നതാണ്. ഈ തുകയിൽ 5,000 രൂപ കേന്ദ്രസർക്കാർ നൽകിയ പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റിൽ നിന്നും ബാക്കി തുക പഞ്ചായത്ത് പ്ലാൻ / നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്/ തനത് ഫണ്ട് എന്നിവയിൽ നിന്നും നൽകുവാനാണ് ഉത്തരവിൽ നിർദ്ദേശിച്ചിരുന്നത്.

എന്നാൽ മേൽ ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ആകെ ചെലവഴിച്ച 1,00,880 രൂപയും (91%) ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽ (ധനകാര്യകമ്മീഷൻ ഗ്രാന്റ്) നിന്നുമാണ് നൽകിയിട്ടുള്ളത്. പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റിൽ ഫണ്ട് ലഭ്യമായിരിക്കെ മാർഗ്ഗനിർദ്ദേശം പാലിക്കാതെ തുക പിൻവലിച്ചതിനാൽ 50,000 രൂപ വികസന ഫണ്ടിൽ നിന്നും അധികം ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്.

വികസന ഫണ്ടിൽ നിന്നും അധികം ചെലവഴിക്കേണ്ടി വന്ന തുക തിരികെ വികസന ഫണ്ടിൽ ഒടുക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ -പെൻഷൻ അനുവദിക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

പെരുമ്പളം ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തെ വിവിധ സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ലായെന്നും സർക്കാർ മാനദണ്ഡപ്രകാരമുള്ള സമയക്രമം കൃത്യമായി പാലിക്കുന്നത് ഉറപ്പുവരുത്തുന്നതിനുള്ള വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല എന്നും കണ്ടെത്തിയിട്ടുണ്ട്. രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ തന്നെ അപേക്ഷകന് നിശ്ചിത സമയത്തിനകം പെൻഷൻ ലഭിച്ചോ എന്നതിന്റെ പരിശോധന സാധ്യമാകുന്നില്ല. ഓരോ പെൻഷന്റെയും അപേക്ഷ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തീയതി, അപേക്ഷകന്റെ വിശദവിവരങ്ങൾ, അപേക്ഷ അന്വേഷണ ഉദ്യോഗസ്ഥന് നൽകിയ തീയതി, റിപ്പോർട്ട് ലഭ്യമായ തീയതി,റിപ്പോർട്ടിന്റെ സംക്ഷിപ്തം, ശുപാർശ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിച്ച വിവരം, കമ്മിറ്റി തീരുമാനം, പെൻഷൻ അനുവദിച്ച തീയതി എന്നിങ്ങനെയുള്ള വിവരങ്ങൾ ഓരോ അപേക്ഷ സംബന്ധിച്ചും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഇവയൊന്നും നിലവിൽ ഒരിടത്തും രേഖപ്പെടുത്തുന്നില്ല.സർക്കാർ മാനദണ്ഡപ്രകാരം പെൻഷൻ അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം തീർപ്പ് കൽപ്പിക്കേണ്ടതാണ്. .അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥന് നൽകിയ തീയതി (ഉദ്യോഗസ്ഥർ അപേക്ഷ കൈപ്പറ്റിയ തിയതി) , റിപ്പോർട്ട് ലഭ്യമായ തീയതി എന്നിവ ലഭ്യമല്ലാത്തതിനാൽ ഈ സമയക്രമം സംബന്ധിച്ച് പരിശോധന സാധ്യമാകുന്നില്ല.

02) നിലവിൽ പെൻഷൻ വാങ്ങുന്നവരിൽ അർഹതാമാനദണ്ഡങ്ങൾ പ്രകാരം പിന്നീട് അയോഗ്യരാവുന്നവരെ കണ്ടെത്തി പെൻഷനിൽ നിന്നും ഒഴിവാക്കുന്നതിന് തദ്ദേശസ്ഥാപനങ്ങളെ ചുമതലപ്പെടുത്തി പലതവണ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം വിവിധ പെൻഷനുകളിൽ നിന്നും അന്വേഷണം നടത്തി അനർഹരെ ഒഴിവാക്കിയതിന്റെ വിവരങ്ങളൊന്നും ലഭ്യമല്ല.

03) സഹകരണ സംഘങ്ങൾ, ബാങ്കുകൾ എന്നിവ വഴി നേരിട്ട് വീട്ടിൽ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്ന സാഹചര്യത്തിൽ, അവരുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിനായി പെൻഷൻ കൈപ്പറ്റാത്തവരെ സംബന്ധിച്ചുള്ള വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും പഞ്ചായത്ത് പെൻഷൻ വിതരണത്തിന് ചുമതലയുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നേണ്ടതാണ് .ഇത്തരം സ്റ്റേറ്റ്മെന്റ് വാങ്ങുന്നതിന്റെ വിവരങ്ങൾ ലഭ്യമായിട്ടില്ല.

04) ബാങ്ക് അക്കൗണ്ടുകൾ വഴി പെൻഷൻ വാങ്ങുന്ന ഗുണഭോക്താവ് മരണപ്പെടുന്ന സാഹചര്യത്തിൽ പെൻഷൻ റദ്ദുചെയ്യുന്നതിനും അധിക തുക നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കുന്നതിനും നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

05) പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുന്ന പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിന് നിലവിൽ നടപടി സ്വീകരിക്കുന്നതിന്റെ രേഖകളില്ല.

സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച് സർക്കാർ തദ്ദേശസ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനും പെൻഷൻ വിതരണം സംബന്ധിച്ച രേഖകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 127500 | പച്ചക്കറി കൃഷി വികസനം | 127500 | |
| | 2019-20 | 102000 | നെൽകൃഷി | 102000 | |
| | 2019-20 | 160000 | സാന്ത്വന പരിചരണം | 157700 | 2300 |
| | 2019-20 | 637460 | ലൈഫ് | 560015 | 77445 |
| | 2019-20 | 120970 | ലൈഫ്(എസ്.സി) | 40000 | 80970 |
| | 2019-20 | 100000 | സ്കോളർഷിപ്പ് | 100000 | |
| | 2019-20 | 200000 | പാലിന് സബ്സിഡി | 200000 | |
| | ആകെ | 1447930 | | 1287215 | 160715 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 575000 | ജങ്കാർ മെയിന്റനൻസ് | 521474 | 53526 |
| | 2019-20 | 2547168 | ലൈഫ് | 2547168 | - |
| | 2019-20 | 100000 | അനുപൂരക പോഷകാഹാരം | 100000 | - |
| | 2019-20 | 100150 | സ്കോളർഷിപ്പ് | 100150 | - |
| | | 3322318 | | 3268792 | 53526 |

2019-20 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച വിഹിതമിനത്തിൽ 307468/- രൂപയും, ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച വിഹിതമിനത്തിൽ 153526/- രൂപയും നീക്കിയിരിപ്പുള്ളതായി കാണുന്നു.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് | തെരുവ് വിളക്ക് വ്യാപനം | 42/07.01.2020<br>46/30.01.2020 | 533425 | -- | 533425 (2020-21 സാമ്പത്തിക വർഷം 485637/- രൂപയുടെ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്.) |
| | 114/ലൈഫ് ഗുണഭോക്താക്കളുടെ വീട് നിർമാണത്തിന് ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ | 46/30.01.2020 | 39863 | -- | 39863 (2020-21 സാമ്പത്തിക വർഷം പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്.) |
| | | ആകെ | 573288 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1482044രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് മിഷൻ -കെ.യു.ആർ.ഡി.എഫ്.സി ലോൺ | ജി.ഒ(എം.എസ്) 68/18/ എൽ.എസ്.ജി.ഡി/ തീ.18.05.2018 | 22427153 | 16315868 | 1514706 (വികസന ഫണ്ട്ശ്രോതസ്സിൽ നിന്നും കുറവ് ചെയ്തത്) | | 20912447 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 29908/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | വൗച്ചർ നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | | 12852 | അസിസ്റ്റന്റ് എഞ്ചിനീയർ | 119010100032/ 11.04.2019 |
| 2011-12 | | 13306 | കപിൽ, യു.ഡി ക്ലർക്ക് | 119020900019/ 25.09.2019 |
| 2017-18 | | 3000 | ജയന്തി | 119010100545/ 27.09.2019 |
| 2013-14 | | 750 | കെ.റ്റി.സജിത, ക്ലർക്ക് | 119010100637/ 11.10.2019 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 54115533 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 51366537 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1293028 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 45790 | പൊന്നമ്മ.ജെ, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 1-17 | 50000 | ജയ.പി,സെക്രട്ടറി |
| | 27750 | പ്രദീപ് കുമാർ,സെക്രട്ടറി |
| 1-18 | 47788 | ജയ.പി,സെക്രട്ടറി |
| 1-21 | 9000 | ഡോ.കെ.ബി.ഷാഹുൽ, മെഡിക്കൽ ഓഫീസർ,സി.എച്ച്.സി |
| 1-22 | 930000 | മനോജ്.കെ.കെ,വി.ഇ.ഒ |
| 1-22 | 25000 | സജിത,വി.ഇ.ഒ |
| 1-23 | 157700 | ഡോ.കെ.ബി.ഷാഹുൽ, മെഡിക്കൽ ഓഫീസർ,സി.എച്ച്.സി |
| ആകെ | 1293028 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.ശോഭ,സെക്രട്ടറി | കോടംതുരുത്ത് ഗ്രാമ പഞ്ചായത്ത് | ശ്രേയസ്, എരമല്ലൂർ.പി.ഒ ആലപ്പുഴ |
| ജയ.പി,സെക്രട്ടറി | പെരുമ്പളം ഗ്രാമ പഞ്ചായത്ത് | ജയപ്രിയാസ് കലവൂർ.പി.ഒ ആലപ്പുഴ |
| പ്രദീപ് കുമാർ,സെക്രട്ടറി | അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത് | ശ്രീവത്സം പൈപ്പ് ലൈൻ റോഡ് പള്ളുരുത്തി കൊച്ചിൻ-6 |
| ഡോ.കെ.ബി.ഷാഹുൽ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പെരുമ്പളം സി.എച്ച്.സി | വൃന്ദാവനം തിരുനല്ലൂർ.പി.ഒ ചേർത്തല-688553 |
| മനോജ്.കെ.കെ,വി.ഇ.ഒ | അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത് | കടവിൽത്തറ അരൂർ.പി.ഒ ആലപ്പുഴ |
| സജിത,വി.ഇ.ഒ | വി.ഇ.ഒ തുറവൂർ ഗ്രാമ പഞ്ചായത്ത് | പുതിയാട്ട് കെ.ആർ.പുരം ചേർത്തല |
| പൊന്നമ്മ.ജെ, ഫിഷറീസ് സബ് ഇൻസ്പെക്ടർ | വൈക്കം മത്സ്യഭവൻ | മണിയല കെ.എസ്.മംഗലം.പി.ഒ വൈക്കം കോട്ടയം |

## <u>4-10 തീർപ്പാകാതവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ. എഫ് .ജി.എ 5-1832/11/16-01-12 |
| 1997-98 | എൽ. എഫ്.ജി.എ 5 -1832/11/16-01-12 |
| 2001-02 | എൽ. എഫ് .ജി എ 5-1832/11/16.1.2012 |
| 2006-07, 07-08 | എൽഎഫ്എ8-40,41/2010/16.7.2010 |
| 2008-09 | എൽഎഫ്എപി2-1207/2011/10.1.2012/11.4.2012 |
| 2009-10 | എൽഎഫ്എ പി2-1208/2011/10.1.2012/11.4.2012 |
| 2010-11 | എൽഎഫ്എ പി2-550/2011/17.12.2012/31.1.2012 |
| 2011-12 | എൽഎഫ്എ പി2-1400/2012/ 14.12.2012/8.1.2013 |
| 2012-13 | എൽഎഫ്എ പി11-1841/2014/20.1.2015/3.3.2015 |
| 2013-14 | എൽ.എഫ്.എ-പി11-680/15, 15.07.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി11/837/16, 30-7-2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി-പി11/1175/16, 1-11-2016/2-12-2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി-പി11/1034/17, 05.08.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി-പി11/1295/2018/05.09.2018 |
| 2018-19 | കെ.എസ്.എ.എ.എൽ.പി-നം.കെ.എസ്.എ-എ.എൽ.പി/പി4-119/2020 തീ.29.05.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,ആലപ്പുഴ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്'രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്'രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്